**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 270** **27-01-2026 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ശിശുക്ഷേമ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ശിശുക്ഷേമ സമിതികളും ജുവൈനൽ ജസ്റ്റിസ് ബോർഡും പുനഃസംഘടിപ്പിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവ സമയബന്ധിതമായി പുനഃസംഘടിപ്പിക്കണമെന്ന് 31/10/2025 ലെ WPC No 7380/2018 ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. G.O.(P) No. 7/2025/WCDD തീയതി 03/11/2025 പ്രകാരം 13 ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളും (കൊല്ലം ജില്ല ഒഴികെ) G.O.(P) No. 9/2025/WCDD തീയതി 06/11/2025 പ്രകാരം കൊല്ലം ജില്ലയിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയും G.O.(P) No.6 /2025/WCDD തീയതി 03/11/2025 പ്രകാരം എല്ലാ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുനഃസംഘടിപ്പിച്ച് ഉത്തരവാകുകയും എല്ലാ അംഗങ്ങളും ചുമതല ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിയിലെ ജീവനക്കാരിൽ സൈക്കോ സോഷ്യൽ അസ്സസ്സ്മെന്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശമാക്കാമോ; | (ബി) | ഉണ്ട്. എല്ലാ ആയമാരുടെയും അഡോപ്ഷൻ കേന്ദ്രം ജീവനക്കാരുടെയും ശാരീരിക മാനസിക നില പരിശോധിച്ച് വിലയിരുത്തുന്നതിനുള്ള സൈക്കോ സോഷ്യൽ മെഡിക്കൽ പരിശോധന, വിദഗ്ധ ഡോക്ടർമാരും കൗൺസിലർമാരും അടങ്ങുന്ന സമിതിയെ നിയോഗിച്ച് നടത്തുന്നതിന്<br><br>നടപടികൾ സ്വീകരിച്ചു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, പീഡിയാട്രിഷ്യൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, സോഷ്യൽ വർക്കർ, കൗൺസിലർ, സമിതി ജനറൽ സെക്രട്ടറി എന്നിവരടങ്ങുന്ന പരിശോധന ബോർഡ് ഇതിനായി രൂപീകരിച്ചു. അഡോപ്ഷൻ/ശിശുപരിചരണ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ കുട്ടികളെ ഉപദ്രവിച്ച വിഷയത്തിൽ എത്ര ജീവനക്കാരെ ജോലിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും അവരിൽ ആരെയെല്ലാം തിരിച്ചെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (സി) | കുട്ടികളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയവരായി കണ്ടെത്തിയ 9 ദിവസവേതന ജീവനക്കാരെ<br><br>ചുമതലയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | കേസുകളിൽ പ്രതികളായവർ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ജോലിയിൽ തുടരുന്നുണ്ടോ; എങ്കിൽ ജുവനൈൽ ജസ്റ്റീസ് ആക്ടിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ എങ്ങനെയാണ് ഇത്തരത്തിലുള്ളവർ തുടരുന്നത്; വിശദമാക്കാമോ? | (ഡി) | കേസുകളിൽ ഉൾപ്പെട്ടവർ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ ജോലിയിൽ തുടരുന്നുണ്ട്. കേസുകൾ കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ